ഉത്തരം

(എ & ബി) പ്രത്യേകിച്ച് ചട്ടങ്ങളോ ഗൈഡ് ലൈനോ പൊതുമരാമത്ത് വകുപ്പിൽ നിലവിലില്ല. എന്നാൽ കാലാകാലങ്ങളിൽ ബഡ്ജറ്റിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കേടുപാടുകൾ ശരിയാക്കുന്നതിന് തുക ഉൾക്കൊള്ളിക്കുകയും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന പണികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പണികൾ ചെയ്തു വരികയുമാണ് ചെയ്യാറുള്ളത്.

(സി) തൽക്കാലം പരിഗണനയിലില്ല.

മരാമത്ത് പണികൾ പൂർത്തിയാക്കാൻ നടപടി

45 (642) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതും പണി പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ എത്തി നിൽക്കുന്നതുമായ മരാമത്ത് പണികൾ എത്രയും വേഗം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പണികളുടെ പുരോഗതി അവലോകനം ചെയ്യാൻ എന്തു സംവിധാനമാണ് ഇപ്പോൾ ഉള്ളത് ?

ഉത്തരം

(എ) ബഡ്ജറ്റ് വഴി ലഭ്യമാകുന്ന പരിമിതമായ തുക ഉപയോഗിച്ച് നേരത്തേ തുടങ്ങിയ പണികൾ തീർക്കാൻ ശ്രമിച്ചു വരുന്നു. പുതിയ പണികൾ കഴിവതും ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉൾപ്പെടെ ബഡ്ജറ്റിൽ പുറത്തുള്ള സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ചെയ്യുന്നു. കൂടാതെ മരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എഗ്രിമെന്റിൽ വേണ്ട റേറ്റ് ഓഫ് പ്രോഗ്രസ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. ജോലികൾ കാലാവധിക്കുമുമ്പായി തീർക്കുന്ന കരാറുകാർക്ക് ജോലി തുകയുടെ ഒരു ശതമാനം ബോണസ്സ് നൽകുകയും കാലാവധിക്കുള്ളിൽ പൂർത്തിയാക്കാത്തവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ബി) മന്ത്രിയുടെയും ചീഫ് എഞ്ചിനീയറുടെയും തലത്തിൽ കാലാകാലങ്ങളിൽ അവലോകനം നടത്തുന്നുണ്ട്.

പാലങ്ങളുടെ നിർമ്മാണത്തിന് നടപടി

46 (643) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെ പണിയാണ് നബാർഡ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) അവയുടെ പണി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ ;

(സി) പ്രസ്തുത പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നബാർഡ് ഏറ്റെടുത്തിട്ടുള്ള പാലങ്ങൾ.

1. ആർ. ഐ. ഡി. എഫ് VI - കണ്ണൻ വർക്കിപ്പാലം (പൂർത്തിയായി)

2. ആർ. ഐ. ഡി. എഫ് VIII

1. കൊത്തുവാൽ ചാവടി പാലം

2. മട്ടാഞ്ചേരി പാലം

3. വഴിച്ചേരി പാലം

(ബി & സി) സാങ്കേതികാനുമതി നൽകി പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ടോൾ പിരിവിനുള്ള മാനദണ്ഡം

47 (644) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പാലങ്ങളിൽ ടോൾ പിരിക്കുന്നുണ്ട് ;

(ബി) എന്തു ചെലവുവരെ വേണ്ടി വരുന്ന പാലങ്ങളിൽ നിന്നാണ് ഇപ്പോൾ ടോൾ പിരിക്കുന്നത് ;

(സി) ടോൾ പിരിവ് അവസാനിപ്പിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഡി) ഈ മാനദണ്ഡപ്രകാരം ഇപ്പോൾ ടോൾ പിരിച്ചുകൊണ്ടിരിക്കുന്ന ഏതെല്ലാം പാലങ്ങളുടെ ടോൾ പിരിവ് സമീപ ഭാവിയിൽ അവസാനിപ്പിക്കുവാൻ കഴിയും ;

(ഇ) ടോൾ പിരിവിനുള്ള മാനദണ്ഡം പരിഷ്ക്കരിക്കാനുദ്ദേശമുണ്ടോ എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 46 പാലങ്ങളിൽ നിന്ന് ടോൾ പിരിക്കുന്നുണ്ട്.

(ബി&ഇ) ഒരു കോടി രൂപയിൽ താഴെ ചെലവുവരുന്ന പാലങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കാനും 15 (പതിനഞ്ച്) വർഷത്തിനുശേഷം ടോൾ-പിരിവ് നിർത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു പ്രകാരം 60 പാലങ്ങൾ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഒഴിവാക്കപ്പെട്ട പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly